(ഇ) (i) റബ്ബർ പാർക്ക് ഇതിനകം ചെയ്തുതീർത്ത പണികൾ താഴെ പറയുന്നവയാണ്.

1. 107 ഏക്കറിന്റെയും പൂർണ്ണമായ വികസന പ്രവർത്തനം. 82 പ്ലോട്ടുകളായി തിരിച്ചു. 5 കി. മീ. റോഡുകൾ നിർമ്മിച്ചു.

2. 2 കി. മീ. 110 കെ. വി. ഇരട്ടലൈൻ നിർമ്മാണം.

3, 110/11 കെ. വി. 12.5 എം. വി. എ. സബ്സ്റ്റേഷൻ നിർമ്മാണം.

4. 6 കി. മീ. 11 കെ. വി. ഭൂഗർഭ കേബിളുകളും 7 ട്രാൻസ്ഫോർമറുകളുമടങ്ങിയ റിംഗ് മെയിൻ വൈദ്യുതി വിതരണ ശൃംഖല.

5. പാർക്കിന്റെ പൂർണ്ണമായ വൈദ്യുതീകരണം.

6. ആശുപത്രി, ക്യാന്റീൻ, ഗസ്റ്റ് ഹൗസ്.

7 മൂന്നു ദശലക്ഷം ലിറ്റർ പ്രതിദിന വിതരണ ശേഷിയുള്ള ജല ശുദ്ധീകരണ വിതരണ ശൃംഖല.

8. രണ്ടര ലക്ഷം ലിറ്റർ പ്രതിദിന സംസ്കരണ ശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റ്.

9. വൈദ്യുതി വിതരണത്തിനുള്ള ലൈസൻസിയായി.

10. ഭാരതത്തിലാദ്യമായി വ്യാവസായിക മേഖലയിൽ വൈദ്യുതി വിതരണ രംഗത്ത് ഓട്ടോമാറ്റിക് മീറ്റർ റീഡിംഗും പ്രീപെയ്ഡ് കാർഡ് സമ്പ്രദായവും നടപ്പിലാക്കി.

(ii) നടത്തിക്കൊണ്ടിരിക്കുന്ന പണികൾ താഴെ പറയുന്നവയാണ്.

1. പുരുഷ തൊഴിലാളികൾക്കായുള്ള ഡോർമിറ്ററിയുടെ നിർമ്മാണം.

2. പുരുഷ എക്സിക്യൂട്ടീവുകൾക്കായുള്ള ഹോസ്റ്റലിന്റെ നിർമ്മാണം.

3. പാർക്കിന്റെ ഓഫീസ്, ഗവേഷണ വികസനകേന്ദ്രം, കൊമേഴ്സ്യൽ കോംപ്ലക്സ്, കടമുറികൾ, ബാങ്ക്, പോസ്റ്റോഫീസ്, ലൈബ്രറി, പരിശീലനകേന്ദ്രം, വീഡിയോ കോൺഫറൻസ്, ഇന്റർനെറ്റ് കഫേ, ഓഫീസ് നിർവ്വഹണകേന്ദ്രങ്ങൾ ഇവയ്ക്കെല്ലാമുള്ള കെട്ടിടത്തിന്റെ നിർമ്മാണം.

ഇവയെല്ലാം 2004 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ് ആന്റ് ജി) ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിലുള്ള ഏജൻസികളുടെ ഒരു സംയുക്ത സംരംഭമായതിനാൽ രണ്ട് ഏജൻസികളുമായി യോജിച്ച് ഔപചാരികമായ ഉദ്ഘാടനം സംബന്ധിച്ച തീരുമാനം എടുക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

21 [2148] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; അവ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ജില്ലയിലെ ആസ്ട്രൽ വാച്ചസ് കമ്പനി പുനരുദ്ധരിച്ച് വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ജില്ലയിലെ കെൽ എന്ന സ്ഥാപനം വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇവിടെ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാമാണെന്നും എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അവയിൽ ഒന്ന് ആസ്ട്രൽ വാച്ചസ് ലിമിറ്റഡും, മറ്റൊന്ന് കേരള ഇലക്ട്രിക്കൽ അലയ്ഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡും ആണ്.

(ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പുനരുദ്ധാരണമാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(സി) കെൽ എന്ന സ്ഥാപനത്തിന്റെ കാസർഗോഡ് യൂണിറ്റിനുവേണ്ടി ഒരു കോർപ്പറേറ്റ് പ്ലാൻ തയ്യാറാക്കി യൂണിറ്റിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി ആന്റ് ഇ) ഉണ്ട്. കെ. എസ്. ഐ. ഡി. സി.-യും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Gail-ഉം ചേർന്ന് "കാസർഗോഡ് പെട്രോകെമിക്കൽസ്" തുടങ്ങാൻ ധാരണയായിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ നടപടി

22 [2149] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ഔദ്യോഗിക ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ യോഗ തീയതികൾ, തീരുമാനങ്ങൾ എന്നിവ വിശദമാക്കുമോ;

(സി) ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനത്തിന് സഹായകമായി എടുത്ത പ്രധാന തീരുമാനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly